"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവവകുപ്പ് - ജീവനക്കാര്യം- പി.ഡബ്ല്യൂ.ഡി. മാന്വൽ 2012 പ്രകാരം ജലസേചന വകുപ്പിലെ ടെക്നിക്കൽ വിഭാഗം തസ്തികകൾ പുനർനാമകരണം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.814/2025/WRD തീയതി,തിരുവനന്തപുരം, 04-10-2025

---

പരാമർശം:- ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) -ടെ 30/04/2025-ലെ സി.ഇ.ഐ.എ/6302/2023-സി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജലസേചന വകുപ്പിലെ ചില കാര്യാലയങ്ങളിൽ അസ്സിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളുടെ നാമം ജോലിയുടെ സ്വഭാവം കാണിക്കുന്നതിനുവേണ്ടി യഥാക്രമം ഹെഡ് ഡ്രാഫ്ട്സ്മാൻ, പേഴ്സണൽ അസിസ്റ്റന്റ് ടു എക്സിക്യൂട്ടീവ് എഞ്ചിനീയർ, പേഴ്സണൽ അസിസ്റ്റന്റ് ടു സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിങ്ങനെ ഉപയോഗിച്ചു വരുന്നു. പ്രസ്തുത നാമങ്ങൾ വകുപ്പിലെ ഓഫീസുകൾ സന്ദർശിക്കുന്ന പൊതുജനങ്ങൾക്കിടയിലും, ജനപ്രതിനിധികൾക്കിടയിലും, മീറ്റിംഗ്, സെമിനാർ എന്നിവയിൽ പങ്കെടുക്കുമ്പോൾ മറ്റു വകുപ്പുകളുടെ പ്രതിനിധികൾക്കിടയിലും തെറ്റായ ധാരണകൾ സൃഷ്ടിക്കുമെന്നതിനാൽ പി.ഡബ്ല്യൂ.ഡി. മാന്വൽ 2012 പ്രകാരം ടി തസ്തികകൾ യഥാക്രമം അസിസ്റ്റന്റ് എഞ്ചിനീയർ(വർക്സ്), ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡെപ്യൂട്ടി സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്ന രീതിയിൽ പുനർനാമകരണം ചെയ്ത് ഉത്തരവാകണമെന്ന് പരാമർശം പ്രകാരം ചീഫ് എഞ്ചിനീയർ ( ജലസേചനവും ഭരണവും) അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജലസേചന വകുപ്പിലെ ഹെഡ് ഡ്രാഫ്ട്സ്മാൻ, പേഴ്സണൽ അസിസ്റ്റന്റ് ടു എക്സിക്യൂട്ടീവ് എഞ്ചിനീയർ, പേഴ്സണൽ അസിസ്റ്റന്റ് ടു സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നീ തസ്തികകൾ ചുവടെ പറയും പ്രകാരം പുനർ നാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു:

| Sl No. | Present designation in Irrigation Department | Revised designation as per PWD Manual |
|---|---|---|
| 1. | Head Draftsman (Assistant Engineer) | Assistant Engineer (Works) |

| | | |
|---|---|---|
| 2. | Personal Assistant to Executive Engineer (Assistant Executive Engineer) | Deputy Executive Engineer |
| 3. | Personal Assistant to Superintending Engineer (Executive Engineer) | Deputy Superintending Engineer |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ്കുമാർ കെ കെ
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ(ഐ & എ), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിററ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Sunithakumary S
Date: 13-10-2025 11:25:04
സെക്ഷൻ ഓഫീസർ

പകർപ്പ് - ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
ജലവിഭവ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ് -ന്.

മേലെഴുത്ത് നം. സി.ഇ.ഐ.എ/6302/2023-സി2 തീയതി 25/10/2025

സർക്കാർ ഉത്തരവിന്റെ പകർപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഐ.ടി. സെൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകുന്നു.

ചീഫ് എഞ്ചിനീയർക്കുവേണ്ടി